**ഭരണഭാഷ-മാതൃഭാഷ**

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം: ഡി.ഇ.എസ് – ജീവനക്കാര്യം – ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി എൽ.ഡി ടൈപ്പിസ്റ്റായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) 03/01/2014 ലെ സ.ഉ.(പി)1/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2) 19/07/2014 ലെ സ.ഉ.(പി) 21/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
3) 28/05/2015 ലെ സ.ഉ.(പി) 16/2015/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
4) കോട്ടയം ഡെപ്യൂട്ടി ഡയറക്ടറുടെ 04/09/2019 ലെ എ.2 2941/ 2019/ഡി.ഒ.കെ/എൽ.ഡി.എസ് നമ്പർ കത്ത്.
5) ഗ്രഡേഷൻ സെല്ലിന്റെ 02/02/2021 ലെ ഡി.ഇ.എസ്/2202/2020-ജി.ആർ.സി നമ്പർ ഉത്തരവ്.
6) 02/02/2017 ലെ ഇ.ബി.(3) 29306/2015/ഡി.ഇ.എസ് നമ്പർ ഉത്തരവ്.
7) 20/02/2021 ലെ ഇ.ബി(3) 5087/2019/ഡി.ഇ.എസ് നമ്പർ ഉത്തരവ്.
8) ജി.ഒ.(പി) നമ്പർ 7/6/ഫിൻ തീയതി 20/01/2016.

### ഉത്തരവ് നമ്പർ ഇ.ബി (3) 18391/2019/ഡിഇഎസ്, തീയതി 20/02/2021

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേയ്ക്ക് അതതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും എൻട്രി കേഡറിലെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം (5) സീനിയോറിറ്റി ലിസ്റ്റിൽ ഏറ്റവും സീനിയറായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോട്ടയം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.എൽ.ശ്രീലതയ്ക്ക്, എൽ.ഡി.ടൈപ്പിസ്റ്റായി നിയമനം ലഭിക്കുന്നതിന് അർഹയാണ്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് തൃശ്ശൂർ ജില്ലാ ഓഫീസിലാണ് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവ് നിലവിലുള്ളത്.

മേൽ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോട്ടയം, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.എൽ.ശ്രീലത-യെ 19,000-43,600/- രൂപ ശമ്പള നിരക്കിൽ തസ്തിക മാറ്റം വഴി എൽ.ഡി.ടൈപ്പിസ്റ്റായി നിയമനം നൽകി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് തൃശ്ശൂർ ജില്ലയിൽ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി.എൽ.ശ്രീലത-യ്ക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്ന ജില്ലയിൽ നിന്നുള്ള സ്ഥലംമാറ്റം അന്തർജില്ലാ/അന്തർവകുപ്പ് സ്ഥലംമാറ്റങ്ങൾ സംബന്ധിച്ചുള്ള വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

ശ്രീമതി.എൽ.ശ്രീലത യഥാക്രമം വിടുതൽ ചെയ്ത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതാണ്.

ഒപ്പ്
**നിപുൺ ജോസഫ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ശ്രീമതി.എൽ.ശ്രീലത (മേലധികാരി മുഖേന)

പകർപ്പ് :
1) ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
2) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ
3) ഗ്രഡേഷൻ സെൽ
4) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

പി.ആർ